കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതി സംബന്ധിച്ച പരാതികൾ

67 [2375] ശ്രീ. സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതി സംബന്ധിച്ച എത്ര പരാതികൾ ലഭിക്കുകയുണ്ടായി;

(ബി) ഇവയിൽ ഏതെല്ലാം പരാതികളിൻമേലാണ് അന്വേഷണ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്;

(ഡി) പൂർത്തിയാക്കിയ അന്വേഷണത്തിൽ ആരെല്ലാം കുറ്റക്കാരാണെന്ന് തെളിഞ്ഞിട്ടുണ്ട്;

(ഇ) കുറ്റക്കാർക്കെതിരെ എന്ത് ശിക്ഷാനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഏതെല്ലാം പരാതികളിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്;

(ജി) ആരെയാണ് അന്വേഷണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്;

(എച്ച്) അന്വേഷണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാലയിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് കോടതി മുഖേനയും നേരിട്ടും ധാരാളം പരാതികൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള പരാതികൾ മാറ്റി നിർത്തിയാൽ വ്യക്തികളോ, സംഘടനകളോ വഴി നേരിട്ടുള്ള ആറ് പരാതികൾ സർവ്വകലാശാലയിലും അഞ്ചെണ്ണം സർക്കാരിലും ലഭിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് II, ക്ലാസ് IV തസ്തികകളിലേക്ക് 2000-ൽ ഐ. എം. ജി. നടത്തിയ എഴുത്തുപരീക്ഷയെക്കുറിച്ച് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തെത്തുടർന്ന് സർക്കാർ ഉത്തരവനുസരിച്ച് വിശദമായി വിജിലൻസ് അന്വേഷണം നടന്നുവരുന്നു. കൂടാതെ മേൽപ്പറഞ്ഞ 6 പരാതികളിൽ ഈയിടെ സർവ്വകലാശാലയിൽ നടന്ന ലൈബ്രറി അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിയമനവാഗ്ദാനം നൽകി പണം സ്വീകരിച്ചു എന്ന രണ്ട് അപേക്ഷകർ കൊടുത്ത പരാതിയിൻമേൽ സർവ്വകലാശാലയിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. കെ. എം. മീരാൻ പേരിൽ അന്വേഷണം നടക്കുന്നു. കൂടാതെ മുൻ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ആയി ഡോ. ധർമ്മരാജ് അഡാട്ട് ചുമതല വഹിച്ചിരുന്ന കാലയളവിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതിയിലും ഇപ്പോൾ അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിക്കുന്നുണ്ട്. ഇതിനുപുറമെ സർവ്വകലാശാല വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്കെതിരെയും സർവ്വകലാശാലയുടെ മൊത്തത്തിലുള്ള പ്രവർത്തനത്തിനെതിരെയും ഉയർന്നുവന്ന പരാതികളിൻമേലും വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി, ഡി) മുകളിൽ പറഞ്ഞിരിക്കുന്ന പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) അന്വേഷണം തീരാത്തതിനാൽ ശിക്ഷാനടപടികളെപ്പറ്റി തീരുമാനമായിട്ടില്ല.

(എഫ്) ചോദ്യം 'B' യിൽ പറഞ്ഞിട്ടുള്ള പരാതികളിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്.

(ജി) വിജിലൻസ് വിഭാഗമാണ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.

(എച്ച്) അന്വേഷണം കൃത്യമായി എന്നു തീരുമെന്ന് പറയാൻ കഴിയില്ല.

സാക്ഷരതാ വികസന/തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഓണറേറിയം

68 [2376] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ പ്രവർത്തിക്കുന്ന സാക്ഷരതാ വികസന/തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ കുടിശ്ശിക നൽകുവാൻ ഉണ്ടോ;

(ബി) എങ്കിൽ എത്ര തുക നൽകുവാനുണ്ട്;

(സി) ഈ തുക നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. കുടിശ്ശികയിനത്തിൽ 2.5 കോടി രൂപ നൽകുവാനുണ്ട്.

(സി) കുടിശ്ശിക തീർക്കുന്നതിന് സാക്ഷരതാമിഷൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതാണ്.

നെടുവമ്പ്രം ടെക്നിക്കൽ ഹൈസ്കൂളിനെ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്താൻ നടപടി

69 [2377] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളുണ്ടെന്നും അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly